# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 534
### (29.10.2019-ലെ മറുപടിക്ക്)

**ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.ജി.എസ് ജയലാൽ (ബഹു. എം.എൽ.എ)** | **ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ: 30-ൽ റീസർവ്വേ നമ്പർ: 158/2-ൽപ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും, അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് 3,20,64,625/- രൂപയുടെ ഭരണാനുമതിയും 2,42,80,000/- രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും, നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി തിരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. നിർമ്മാണപ്രവൃത്തികൾക്കായി 16.08.2019-ൽ ട്രഷറി വകുപ്പ് ഇൻകെൽ ലിമിറ്റഡിന് സ്ഥലം കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി സ്ഥലം അളന്നപ്പോൾ അതിര് അളവുകളിൽ വ്യത്യാസങ്ങൾ കാണപ്പെട്ടതിനാൽ ഇൻകെൽ ലിമിറ്റഡിന് പ്ലാനിൽ ചില മാറ്റങ്ങൾ വരുത്തേണ്ടി വന്നത് കാരണമാണ് നിർമ്മാണപ്രവൃത്തികളിൽ ചെറിയ കാലതാമസം ഉണ്ടായത്. |
| (സി) | ഇതിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങളിൽ ഉണ്ടായിട്ടുള്ള തടസ്സങ്ങളെല്ലാം തരണം ചെയ്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും നിർമ്മാണസാമഗ്രികൾ സൈറ്റിൽ എത്തിച്ചു തുടങ്ങിയിട്ടുമുണ്ട്. |

**സെക്ഷൻ ഓഫീസർ**